(ബി) ആഭരണ നിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധിയും വാർദ്ധക്യകാല പെൻഷനും നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) ആഭരണ നിർമ്മാണ തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിക്കുന്നതിനുവേണ്ടി ഈ മേഖലയെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള പ്രാഥമിക വിജ്ഞാപനം 2005 ഫെബ്രുവരി 3-ാം തീയതിയിലെ കേരള ഗസറ്റിൽ 18809/ഇ1/2002/തൊഴിൽ നമ്പരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത മേഖലയെ മിനിമം വേതനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയശേഷം മിനിമം വേതനം നിശ്ചയിക്കുന്നതാണ്.

(ബി) ആഭരണ നിർമ്മാണ തൊഴിലാളികൾക്ക് പ്രത്യേകമായി ക്ഷേമപദ്ധതി രൂപീകരിക്കുന്നതിന് വേണ്ടിയുള്ള ഒരു കരട് പദ്ധതി തയ്യാറാക്കുവാൻ ലേബർ വെൽഫയർ ഫണ്ട് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഈ വിഭാഗം തൊഴിലാളികൾക്ക് ഇപ്പോൾ നിലവിലുള്ള കൈതൊഴിലാളി വിദഗ്ധ തൊഴിലാളിക്ഷേമ പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. ഇതിനു പുറമേ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ള അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായുള്ള സാമൂഹിക സുരക്ഷാ പദ്ധതിയിലും ഈ വിഭാഗം തൊഴിലാളികൾ ഉൾപ്പെടുന്നതാണ്.

ആർട്ടിസാൻസ് സ്കിൽഡ് വർക്കേഴ്സ് സ്കീം

56 [2093] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കുളത്തൂർ, നന്മണ്ട, പനങ്ങാട്, ബാലുശ്ശേരി, ഉള്ളിയേരി, അത്തോളി പഞ്ചായത്തുകളിൽ ഓരോന്നിലും കേരള ആർട്ടിസാൻസ് സ്കിൽഡ് വർക്കേഴ്സ് സ്കീമിൽ അംഗത്വം എടുത്തിട്ടുള്ളവരുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് വെളിപ്പെടുത്താമോ ;

(ബി) ഈ ഓരോ പഞ്ചായത്തിലും 2004 വർഷത്തിൽ സ്കീമിൽ നിന്ന് എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ട് ;

(സി) അവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്തിൽ-88 തലക്കുളത്തൂർ -104, നന്മണ്ട-127, പനങ്ങാട്-47, ബാലുശ്ശേരി-706, ഉള്ളിയേരി-39, അത്തോളി-200 എന്നിങ്ങനെ ആകെ 1311 പേർ കേരള കൈ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗത്വമെടുത്തിട്ടുണ്ട്.

(ബി) 2004 വർഷത്തിൽ എലത്തൂർ-1, തലക്കുളത്തൂർ-1, നന്മണ്ട-4, ബാലുശ്ശേരി-19, ഉള്ളിയേരി-1 എന്ന കണക്കിൽ 26 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പനങ്ങാട്, അത്തോളി പഞ്ചായത്തുകളിൽ ആനുകൂല്യം പറ്റിയ അംഗങ്ങൾ ഇല്ല.

(സി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly